## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1162 | 11.02.2016 -ൽ മറുപടിക്ക്

### താലൂക്ക് ഓഫീസ് കെട്ടിടം

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | ഉത്തരം<br>അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ചാലക്കുടിയിൽ പുതുതായി അനുവദിച്ച താലൂക്ക് ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കാഫീസിന് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച 5 കോടി രൂപയുടെ പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ 2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചു എങ്കിലും ഫണ്ട് പരിമിതി കാരണം അംഗീകാരം ലഭിച്ചിട്ടില്ല. |
| (ബി) ചാലക്കുടിയിൽ റീഫ്രാക്ടറീസ് വക വ്യവസായ വകുപ്പ് മുനിസിപ്പാലിറ്റിക്കു കൈമാറിയ സ്ഥലത്ത് താലൂക്ക് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;<br>(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഇതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) & (സി) വ്യവസായ വകുപ്പിൽ നിന്നും മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നൽകിയ റീഫാക്ടറീസ് വക സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ